(സി) ഉണക്കമത്സ്യങ്ങളുടെ കയറ്റുമതിക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(ഡി) ഉണക്ക മത്സ്യങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വ്യത്തിയാക്കിയ ഉണക്ക മത്സ്യ വിപണന പദ്ധതി കൊല്ലം, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ, കാസർഗോഡ് എന്നീ അഞ്ച് തീരദേശ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 38 ലക്ഷം രൂപ അനുവദിച്ചതിൽ 32 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

(സി) ഉണക്ക മത്സ്യക്കയറ്റുമതിക്ക് ഉല്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശീലന പരിപാടികളും ബോധവത്ക്കരണ പരിപാടികളും ഫിഷറീസ് വകുപ്പ് നടത്തുന്നുണ്ട്.

(ഡി) ഗുണഭോക്തൃ ഗ്രൂപ്പുകളുടെ ഉൽപ്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും വിപണന സഹായം നൽകുന്നതിനുവേണ്ടി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിക്കായി 32 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ 115 ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഒരു യൂണിറ്റിന് പരമാവധി 25,000 രൂപ എന്ന നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. നല്ല പാക്കേജുകളിൽ ഉല്പന്നങ്ങൾ ഗുണമേന്മയോടെ വിപണിയിൽ എത്തിക്കുന്നതിനാണ് സഹായം നല്കുന്നത്. വിപണന സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്.

സുനാമി പദ്ധതിയിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട പദ്ധതി

181 (6099) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ എത്ര രൂപയുടെ പദ്ധതികളാണ് അനുവദിച്ചിരുന്നത് ;

(ബി) ഇവയിൽ എത്ര രൂപയുടെ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതികളിൽപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ സ്ഥായിയായ വരുമാന മാർഗ്ഗത്തിന് എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കപ്പെട്ടിട്ടുള്ളത് ;

(ഡി) സുനാമി പദ്ധതിയിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വെളിപ്പെടുത്തുമോ ;

(ഇ) ഇവയിൽ ഏതെല്ലാം പദ്ധതികളാണ് ഇനി നടപ്പാക്കാൻ അവശേഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ജീവനോപാധി പുനഃസ്ഥാപന പദ്ധതികൾക്കായി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടുകൂടി സുനാമി അടിയന്തിര സഹായ പദ്ധതികൾക്കായി 45.25 കോടി രൂപയും, കേന്ദ്ര ധനസഹായത്തോടെ സുനാമി പുനരധിവാസ പദ്ധതികൾക്കായി 23.29 കോടി രൂപയും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ പദ്ധതികൾക്കായി 21.2186 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി 100 കോടി 4 ലക്ഷം രൂപയുടെ പദ്ധതികളും ഏറ്റെടുക്കുകയുണ്ടായി. മൊത്തം 1441 കോടി രൂപയുടെ പദ്ധതികളാണ് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കിവരുന്നത്.

(ബി) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ 45.25 കോടി രൂപയുടേയും, സുനാമി പുനരധിവാസ പദ്ധതിയിൽ 12.78 കോടി രൂപയുടേയും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 10.41 കോടി രൂപയുടേയും പദ്ധതികൾ പൂർത്തീകരിച്ചു.

(സി) അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ഡി) സുനാമി പദ്ധതിയിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(ഇ) വനിതാ മത്സ്യ വിപണന തൊഴിലാളികൾക്കുള്ള ധനസഹായം, കടൽ സുരക്ഷാ കിറ്റുകളുടെ വിതരണം എന്നീ പദ്ധതികൾ ഒഴികെ ബാക്കി എല്ലാ പദ്ധതികളും പൂർത്തീകരിച്ചു കഴിഞ്ഞു.

'മിക്ത്ര' നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾ

182 (6100) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മിക്ത്ര (എം.സി.ഐ.ടി.ആർ.എ)വഴി എന്തെല്ലാം സേവനങ്ങളാണ് നൽകിവരുന്നത് ;

(ബി) കഴിഞ്ഞ 5 വർഷങ്ങളായിമിക്ത്രനടത്തിയ പ്രധാന ഗവേഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) അതുമൂലം മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി എന്തെല്ലാം ; വിശദാംശം നൽകാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly